**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 806** **30-06-2022 - ൽ മറുപടിയ്ക്ക്**

**എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗകോളനി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗകോളനി നവീകരിക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | എരുത്വാപ്പുഴ പട്ടികവർഗ്ഗ കോളനിയിലെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 10/03/2022-ന് പ്രത്യേക ഊരുകൂട്ടം ചേർന്ന്, കരട് ഡി.പി.ആർ തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | • ഭവന പുനരുദ്ധാരണം<br>• നിലവിലുള്ള കിണറുകളുടെ പുനരുദ്ധാരണം (ആഴം കൂട്ടി റിംഗ് ഇറക്കുക)<br>• കിണറുകൾക്ക് സംരക്ഷണ ഭിത്തി കെട്ടൽ<br>• നടപ്പ വഴി കോൺക്രീറ്റിംഗ്<br>• നടപ്പാത/സ്റ്റെപ്പ് നിർമ്മാണം<br>• സോളാർ ലൈറ്റ്<br>• വീടുകൾക്ക് സംരക്ഷണ ഭിത്തി<br>• കോളനിയിലെ പൊതു ആവശ്യത്തിലേക്ക് ദഹനപ്പെട്ടി<br>• ജീവനോപാധി വിതരണം<br>• കാർഷിക ഉപകരണങ്ങളുടെ വിതരണം<br>എന്നീ പദ്ധതികളാണ് ഊരുകൂട്ടം തീരുമാനിച്ചിട്ടുള്ളത്. ഡി.പി.ആർ തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമാണ് നടപ്പിലാക്കുന്ന പദ്ധതികളുടെ അന്തിമ തീരുമാനം എടുക്കുന്നത്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിച്ച് കോളനി നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതിയുടെ ഡി.പി.ആർ ലഭ്യമാക്കിയാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ